# 1. അറിയാനും പ്രതികരിക്കാനും




### ♣ സന്ദേശം രൂപപ്പെടൽ / ആവേഗം രൂപപ്പെടൽ

നാഡീകോശത്തിന്റെ പ്ലാസ്മാസ്തരത്തിന് പുറത്ത് +ve ചാർജ് അകത്ത് -ve ചാർജ് ---- ഉദ്ദീപനം ---- പ്ലാസ്മാസ്തരത്തിന് പുറത്ത് -ve ചാർജ് അകത്ത് +ve ചാർജ് --- ഉടൻ പൂർവ്വ സ്ഥിതി പ്രാപിക്കുന്നു ---- തൊട്ടടുത്തഭാഗം ഉത്തേജിക്കുന്നു --- സന്ദേശങ്ങൾ പ്രവഹിക്കുന്നു.

### ♣ സിനാപ്സിലൂടെ ആവേഗം കടന്നുപോകുന്നത്

ഡെൻഡ്രൈറ്റ് --- ഡെൻഡ്രോൺ --- കോശശരീരം --- ആക്സോൺ --- ആക്സൊണൈറ്റ് --- സിനാപ്റ്റിക് നോബ് --- നാഡീയപ്രേഷകം --- അടുത്ത ന്യൂറോണിന്റെ ഡെൻഡ്രൈറ്റ്

### ♣ റിഫ്ളക്സ് ആർക്ക്

ഉദ്ദീപനം --- സംവേദനാഡി --- ഇന്റർന്യൂറോൺ --- പ്രേരകനാഡി --- ബന്ധപ്പെട്ട പേശി.

### ♣ മസ്തിഷ്കം




| | |
|---|---|
| സെറിബ്രം | ഓർമ്മ, ചിന്ത,ബുദ്ധി, ഇന്ദ്രിയാനുഭവങ്ങൾ |
| സെറിബെല്ലം | ശരീരത്തിന്റെ തുലനാവസ്ഥ |
| മെഡുല ഒബ്ലോംഗേറ്റ | ഹൃദയസ്പന്ദനം,ശ്വാസോഛ്വാസം, അനൈച്ഛിക പ്രവർത്തനം |
| തലാമസ് | ആവേഗങ്ങളുടെ പുനഃപ്രസരണകേന്ദ്രം |
| ഹൈപ്പോ തലാമസ് | ആന്തര സമസ്ഥിതി പാലിക്കുന്നു. |

- സെറിബ്രം : ഐച്ഛികപ്രവർത്തനം
  മെഡുലഒബ്ലോംഗേറ്റ : അനൈച്ഛികപ്രവർത്തനം
  സെറിബെല്ലം : തുലനനില
- സെറിബ്രം :സെറിബ്രൽ റിഫ്ളക്സ്
  സുഷുമ്ന : സുഷുമ്ന റിഫ്ലക്സ്
- ശിരോനാഡി : 12 ജോഡി
  സുഷുമ്നാ നാഡി : 31 ജോഡി

- അവയവം - മസ്തിഷ്കം : സംവേദനാഡി
- മസ്തിഷ്കം - അവയവം : പ്രേരകനാഡി
- അവയവം - മസ്തിഷ്കം - അവയവം : സമ്മിശ്രനാഡി

### ♣ സ്വതന്ത്ര നാഡീവ്യവസ്ഥ

| സിംപതറ്റിക് വ്യവസ്ഥ | പാരാസിംപതറ്റിക് വ്യവസ്ഥ |
|---|---|
| കൃഷ്ണമണി വികസിക്കുന്നു | കൃഷ്ണമണി സങ്കോചിക്കുന്നു |
| ഉമിനീർ ഉൽപ്പാദനം കുറയുന്നു | ഉമിനീർ ഉൽപ്പാദനം കൂടുന്നു |
| ശ്വാസനാളം വികസിക്കുന്നു | ശ്വാസനാളം സങ്കോചിക്കുന്നു |
| ഹൃദയസ്പന്ദനം കൂടുന്നു | ഹൃദയസ്പന്ദനം കുറയുന്നു |
| ആമാശയ പ്രവർത്തനം മന്ദീഭവിപ്പിക്കുന്നു | ആമാശയ പ്രവർത്തനം സാധാരണ നിലയിൽ |

### ♣ നാഡീ രോഗങ്ങൾ

| | |
|---|---|
| അപസ്മാരം | തലച്ചോറിലെ അമിതമായ വൈദ്യുതിചാർജ്, കൈകാൽ തറയിലടിക്കുന്നു, അബോധാവസ്ഥ |
| അൽഷിമേഴ്സ് | ന്യൂറോണുകളുടെ നാശം, ഓർമക്കുറവ് |
| പാർക്കിൻസൺ രോഗം | ഗ്ലാംഗ്ലിയോണുകളുടെ നാശം, ഡോപാമിന്റെ കുറവ്, കൈവിറയൽ |

# 2. അറിവിന്റെ വാതായനങ്ങൾ

### ♣ കണ്ണിന്റെ ഘടന




### ♣ കാഴ്ച

പ്രകാശം --- കോർണിയ --- അക്വസ് ദ്രവം --- പ്യൂപ്പിൾ --- ലെൻസ് --- വിട്രിയസ് ദ്രവം ---- റെറ്റിന --- ആവേഗം --- നേത്രനാഡി ---സെറിബ്രം -- കാഴ്ച

♣ ദൃഢപടലം : കോർണിയ
രക്തപടലം : ഐറിസ്

- റോഡ്കോശം : റൊഡോപ്സിൻ (നിശാന്ധത)
  കോൺകോശം : ഫോട്ടോപ്സിൻ (വർണ്ണാന്ധത)

♣ പ്രകാശ തീവ്രതക്കനുസരിച്ച് കൃഷ്ണമണിയുടെ വലുപ്പത്തിൽ വരുന്ന മാറ്റം എന്ത്?
തീവ്രപ്രകാശത്തിൽ കൃഷ്ണമണി ചുരുങ്ങുന്നു. മങ്ങിയ പ്രകാശത്തിൽ കൃഷ്ണമണി വികസിപ്പിക്കുന്നു.

♣ കണ്ണിൽ രൂപപ്പെടുന്ന പ്രതിബിംബം
തലകീഴായത്, ചെറുത്, യഥാർത്ഥം

♣ നിശാന്ധത - വിറ്റാമിൻ എ യുടെ അഭാവം മൂലം മങ്ങിയ വെളിച്ചത്തിൽ കാഴ്ചശക്തി ഇല്ലാതാകുന്ന അവസ്ഥ.

♣ വർണ്ണാന്ധത – കോൺകോശങ്ങളുടെ തകരാറുമൂലം ചില നിറങ്ങൾ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ.

♣ പീതബിന്ദു - കാഴ്ച ഏറ്റവും കൂടുതലുള്ള ഭാഗം
അന്ധബിന്ദു - കാഴ്ച ഒട്ടും ഇല്ലാത്തഭാഗം

**♣ നേത്രവൈകല്യങ്ങൾ**

| | |
|---|---|
| ഹ്രസ്വദൃഷ്ടി | കോൺകേവ് ലെൻസ് |
| ദീർഘദൃഷ്ടി, പ്രസ്ബയോപ്പിയ | കോൺവെക്സ് ലെൻസ് |
| അസ്റ്റിഗ്മാറ്റിസം | സിലണ്ട്രിക്കൽ ലെൻസ് |

| | | |
|---|---|---|
| തിമിരം | ലെൻസ് അതാര്യമാകുന്നു | ലെൻസ് മാറ്റിവക്കൽ ശസ്ത്രക്രിയ |
| ഗ്ലോക്കോമ | അക്വസ്ദ്രവത്തിന്റെ അളവ് കൂടുന്നു. മർദം കൂടുന്നു. | ലേസർചികിൽസ |

**♣ ചെവി**




**♣ കേൾവി** : ശബ്ദം ---ചെവിക്കുട --- കർണ്ണനാളം --- കർണ്ണപടം ---- അസ്ഥിശൃംഖല --- ഓവൽവിൻഡോ --- കോക്ലിയ --- രോമകോശങ്ങൾ --- ആവേഗം --- ശ്രവണനാഡി ---- സെറിബ്രം --- കേൾവി.

**♣ തുലനനില ഫ്ലോചാർട്ട്**
ചലനം --- അർധവൃത്താകാരക്കുഴൽ, വെസ്റ്റിബ്യൂൾ --- എൻഡോലിംഫ് --- രോമകോശങ്ങൾ --- ആവേഗം --- വെസ്റ്റിബ്യുലാർ നാഡി --- സെറിബെല്ലം --- തുലനനില

**♣ ഗന്ധം / മണം ഫ്ലോചാർട്ട്**
ഗന്ധകണികകൾ മൂക്കിൽ --- ഗന്ധകണികകൾ ശ്ലേഷ്മത്തിൽ ലയിക്കുന്നു --- ഗന്ധഗ്രാഹി ---- ആവേഗം --- നാഡി --- സെറിബ്രം ---- ഗന്ധം എന്ന അനുഭവം

**♣ സ്വാദ് ഫ്ലോചാർട്ട്**
സ്വാദ്കണിക --- പാപ്പില --- സ്വാദ് മുകുളം --- ആവേഗം --- നാഡി --- സെറിബ്രം --- സ്വാദ്

- പ്ലനേറിയ : ഐസ്പോട്ട്
- ഷഡ്പദം/ഈച്ച : ഒമാറ്റീഡിയം
- സ്രാവ് : പാർശ്വവര
- പാമ്പ് : ജേക്കബ്സൺസ് ഓർഗൻ

## 2. സമസ്ഥിതിക്കായുള്ള രാസസന്ദേശങ്ങൾ

- ക്രട്ടിനിസം : തൈറോക്സിന്റെ കറവ് കുട്ടികളിൽ
  മിക്സെഡിമ :തൈറോക്സിൻ കറവ് മുതിർന്നവരിൽ
- ഓക്സിടോസിൻ : പാൽചുരത്തൽ
  പ്രോലാക്ടിൻ : പാൽ ഉൽപ്പാദനം
- ഇൻസുലിൻ : ഡയബറ്റിസ് മെലിറ്റസ് (പ്രമേഹം)
  വാസോപ്രസിൻ : ഡയബറ്റിസ് ഇൻസിപിഡസ്
- ഗ്ലൂക്കഗോൺ : ആൽഫാ കോശം
  ഇൻസുലിൻ : ബീറ്റാ കോശം
- ഗ്ലൂക്കോസ് : 70 – 110 mg/100ml
  കാൽസ്യം : 9 – 11 mg/100ml
- ഇൻസുലിൻ : രക്തത്തിലെ ഗ്ലൂക്കോസ് കുറക്കുന്നു
  ഗ്ലൂക്കഗോൺ : രക്തത്തിലെ ഗ്ലൂക്കോസ് കൂട്ടുന്നു.

♣ **പ്രമേഹം** - പ്രഭാതഭക്ഷണത്തിന് മുൻപ് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് 126 mg/100ml ന് മുകളിൽ ആകുന്ന അവസ്ഥ.

**♣ സസ്യഹോർമോൺ**

| | |
|---|---|
| ഓക്സിൻ | അഗ്രമുകുളത്തിന്റെ വളർച്ച, ഫലരൂപീകരണം |
| സൈറ്റോകിനിൻ | കോശവിഭജനം, കോശവളർച്ച |
| ജിബ്ബർലിൻ | സംഭൃതാഹാര വിഘടനം,പുഷ്പിക്കൽ |
| എഥിലിൻ | ഫലങ്ങൾ പഴുക്കാൻ, കൊഴിയാൻ |
| അബ്സിസിക് ആസിഡ് | ഭ്രൂണത്തിന്റെ സുപ്താവസ്ഥ, ഇലകൾ ഫലങ്ങൾ പൊഴിയൽ |

♣ **ഗോയിറ്റർ** - അയഡിന്റെ കുറവ്മൂലം തൈറോയ്ഡ് ഗ്രന്ഥി അമിതമായ് വളരുന്ന അവസ്ഥ.

♣ മഴക്കാലത്തും വേനൽകാലത്തും മൂത്രത്തിന്റെ അളവ് വ്യത്യാസപ്പെടാൻ കാരണം എന്ത്?

മഴക്കാലത്ത് ഹൈപ്പോതലാമസ് സ്രവിക്കുന്ന ADH കുറയുന്നു. അതിനാൽ മൂത്രത്തിന്റെ അളവ് കൂടുന്നു. വേനൽക്കാലത്ത് ഹൈപ്പോതലാമസ് സ്രവിക്കുന്ന ADH കൂടുന്നു. അതിനാൽ മൂത്രത്തിന്റെ അളവ് കുറയുന്നു.

♣ ഉറുമ്പുകൾ വരിയായ് പോകാൻ കാരണം - ഫിറമോൺ

♣ **ഫിറമോണുകളുടെ ധർമ്മം**

ഇണയെ ആകർഷിക്കൽ, സഞ്ചാരപാത നിർണ്ണയിക്കൽ, അപകടസാധ്യത അറിയിക്കൽ

## 4. അകറ്റിനിർത്താം രോഗങ്ങളെ

| പകർച്ച | ബാക്ടീരിയ | വൈറസ് |
|---|---|---|
| വായു | ക്ഷയം | ചിക്കൻപോക്സ്, സാർസ് |
| ജന്തുക്കളിലൂടെ | ആന്ത്രാക്സ് | പേവിഷബാധ |
| ശരീരദ്രവം | | എയ്ഡ്സ്, എബോള |
| കൊതുക് | | ചിക്കുൻഗുനിയ, ഡങ്കിപ്പനി |
| മലിനജലം | കോളറ, ടൈഫോയ്ഡ് | |
| മുറിവ് | ടെറ്റനസ് | |
| പഴകിയ ആഹാരം | ബോട്ടുലിസം | |
| ലൈംഗികബന്ധം | സിഫിലിസ്, ഗൊണേറിയ | |

♣ **ജന്തുരോഗങ്ങൾ**

ആന്ത്രാക്സ്, അകിടുവീക്കം - ബാക്ടീരിയ

കുളമ്പ്രോഗം - വൈറസ്

♣ **സസ്യരോഗങ്ങൾ**

| രോഗകാരി | രോഗം |
|---|---|
| ഫംഗസ് | കുരുമുളകിന്റെ ദ്രുതവാട്ടം, തെങ്ങിന്റെ കൂമ്പ്ചീയൽ |
| വൈറസ് | വാഴയുടെ കുറുനാമ്പ്, മരച്ചീനി - പയർ മൊസൈക്ക് |
| ബാക്ടീരിയ | നെല്ലിന്റെ ബ്ലൈറ്റ്, വഴുതനയിലെ വാട്ടം |

♣ **എയ്ഡ്സ്** - കാരണം HIV - ലിംഫോസൈറ്റുകളുടെ എണ്ണംകുറയുന്നു. രോഗ പ്രതിരോധശേഷി കുറയുന്നു.

♣ എയ്ഡ്സ് **പകരുന്നവിധം** - ശരീരദ്രവം, എയ്ഡ്സ് രോഗി ഉപയോഗിച്ച സിറിഞ്ച്, സൂചി പങ്ക് വയ്ക്കുന്നതിലൂടെ വിവാഹേതര ലൈംഗികബന്ധം,എച്ച്.ഐ.വി ബാധിതയിൽ നിന്ന് ഗർഭസ്ഥശിശുവിലേക്ക്

♣ **ജീൻ തകരാറുമൂലമുണ്ടാകുന്ന രോഗങ്ങൾ?**

**സിക്കിൾ സെൽ അനീമിയ-** അരുണരക്താണു അരിവാളിന്റെ ആകൃതിയിലാകുന്നു.

**ഹീമോഫീലിയ-** രക്തം കട്ടപിടിക്കാതെ വരുന്നു.

- മലമ്പനി: അനോഫിലസ് കൊതുക്
- മന്ത് :ക്യൂലക്സ് പെൺകൊതുക്

## 5. പ്രതിരോധത്തിന്റ കാവലാളുകൾ

- വാക്സിൻ: ജന്നർ

പെൻസിലിൻ (ആന്റിബയോട്ടിക്) : അലക്സാണ്ടർ ഫ്ലമിംഗ്

- ECG : ഹൃദയം EEG : മസ്തിഷ്കം

♣ **വീങ്ങൽ പ്രതികരണം**

മുറിവിലൂടെ രോഗാണുക്കൾ ശരീരത്തിൽ --- രാസസന്ദേശം --- രക്തക്കുഴൽ വികസിക്കുന്നു --- ശ്വേതരക്താണുക്കൾ മുറിവേറ്റ ഭാഗത്തെത്തുന്നു --- രോഗാണുക്കളെ നശിപ്പിക്കുന്നു.

♣ **ഫാഗോസൈറ്റോസിസ്**

ഫാഗോസൈറ്റുകൾ രോഗാണുക്കൾക്കടുത്തെന്നു --- രോഗാണുക്കളെ സ്തരസഞ്ചികളിൽ ഉൾക്കൊള്ളുന്നു --- സ്തരസഞ്ചികൾ ലൈസോസോമുമായി ചേരുന്നു --- ലൈസോസോമിലെ എൻസൈമുകൾ രോഗാണുക്കളെ നശിപ്പിക്കുന്നു

♣ **രക്തം കട്ടപിടിക്കൽ**

മുറിവ് --- ത്രോംബോപ്ലാസ്റ്റിൻ ---പ്രോത്രോംബിനെ ത്രോംബിനാക്കുന്നു ---ത്രോംബിൻ ഫൈബ്രിനോജനെ ഫൈബ്രിനാക്കുന്നു --- ഫൈബ്രിൻ വലക്കണ്ണികളിൽ ചുവന്ന രക്താണുവും പ്ലേറ്റ്ലെറ്റുകളും തങ്ങുന്നു --- രക്തക്കട്ട

♣ പ്രാഥമിക പ്രതിരോധം : ചെവി - മെഴുക്, കണ്ണുനീർ - ലൈസോസൈം, ആമാശയം - ഹൈഡ്രോക്ലോറിക് ആസിഡ്, ശ്വാസകോശം - ശ്ലേഷ്മം

♣ പ്രത്യേക പ്രതിരോധം - T , B ലിംഫോസൈറ്റ്

♣ **രക്തഗ്രൂപ്പ്**

| | ഗ്രൂപ്പ് | ആന്റിജൻ | ആന്റിബോഡി |
|---|---|---|---|
| **രക്ത ഗ്രൂപ്പ്** | A | A | b |
| | B | B | a |
| | AB | A, B | ഇല്ല |
| | O | ഇല്ല | a, b |

♣ **സസ്യങ്ങളിലെ പ്രതിരോധം**

പുറംതൊലി, ക്യൂട്ടിക്കിൾ, കോശഭിത്തി,കാലോസ്

## 6&7. ഇഴപിരിയുന്ന ജനിതകരഹസ്യങ്ങൾ & നാളെയുടെ ജനിതകം

♣ **പ്രോട്ടീൻ നിർമ്മാണം**

ഡി.എൻ.എ യിൽ നിന്നും mRNA ഉണ്ടാകുന്നു --- mRNA ന്യൂക്ലിയസിന് പുറത്തെത്തുന്നു --- mRNA റൈബോസോമിലെത്തുന്നു --- അമിനോ ആസിഡുകൾ കൂട്ടിച്ചേർക്കുന്നു --- പ്രോട്ടീൻ തന്മാത്ര ഉണ്ടാകുന്നു

♣ പാരമ്പര്യസ്വഭാവത്തെ നിയന്ത്രിക്കുന്ന ജീനുകൾ സ്ഥിതിചെയ്യുന്നതെവിടെ? DNA യിൽ

♣ DNA യുടെ ഘടന കണ്ടെത്തിയതാര്?

ചുറ്റുഗോവണിയുടെ ആകൃതി - വാട്സൺ, ക്രിക്ക്

♣ എത്രതരം ലിംഗ നിർണ്ണയ ക്രോമസോമുകളുണ്ട്?

രണ്ട് തരം 1. X , 2.Y

- സ്ത്രീ : 44+XX , പുരുഷൻ : 44+XY
- ജനിതക പശ : ലിഗേസ്
- ജനിതക കത്രിക : റസ്ട്രിക്ഷൻ എൻഡോന്യൂക്ലിയോസ്










| DNA | RNA |
|---|---|
| രണ്ടിഴ (ചുറ്റുഗോവണി) | ഒരിഴ |
| ഡി ഓക്സി റൈബോസ് പഞ്ചസാര | റൈബോസ് പഞ്ചസാര |
| നൈട്രജൻബേസ്- അഡിനിൻ,തൈമിൻ, ഗ്വാനിൻ, സൈറ്റോസിൻ | നൈട്രജൻബേസ് അഡിനിൻ,യുറാസിൽ ഗ്വാനിൻ, സൈറ്റോസിൻ |

## 8. ജീവൻ പിന്നിട്ട പാതകൾ

♣ **പ്രകൃതി നിർധാരണം**

അമിതോൽപ്പാദനം --- പരിമിതമായ വിഭവങ്ങൾ --- നിലനിൽപ്പിനുവേണ്ടിയുള്ള സമരം --- അനുകൂല വ്യതിയാനമുള്ളവ --- പ്രകൃതി നിർധാരണം --- നിലനിൽക്കുന്നു --- അടുത്ത തലമുറയിലേക്ക് കൈമാറ്റം ചെയ്യുന്നു --- പുതിയ ജീവിവർഗ്ഗം

- ലാമാർക്ക് : സ്വയാർജിത സ്വഭാവങ്ങൾ
  ഡാർവിൻ : പ്രകൃതി നിർധാരണം
- ഡിവ്രീസ് : ഉൽപ്പരിവർത്തന സിദ്ധാന്തം
- ഒപ്പാരിൻ, ഹാൽഡേൻ : രാസപരിണാമം

♣ മനുഷ്യനോട് പരിണാമപരമായി ഏറ്റവും അടുത്ത് നിൽക്കുന്ന ജീവി?

ചിമ്പാൻസി

സൊമാറ്റോട്രോപ്പിൻ കുറവ് കുട്ടികളിൽ : വാമനത്വം

സൊമാറ്റോട്രോപ്പിൻ കൂടുതൽ കുട്ടികളിൽ: ഭീമാകാരത്വം

സൊമാറ്റോട്രോപ്പിൻ കൂടുതൽ മുതിർന്നവരിൽ: അക്രോമെഗാലി

**അടുത്തുള്ള വസ്തുവിനെ നോക്കുമ്പോൾ കണ്ണിലുണ്ടാകുന്ന മാറ്റം**

സീലിയറിപേശി ചുരുങ്ങുന്നു
സ്നായുക്കൾ അയയുന്നു
ലെൻസിന്റെ വക്രത കൂടുന്നു
പോക്കൽ ദൂരം കുറയുന്നു